ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1093

# സൂറ – 36 / യാസീൻ

## സൂക്തം: 68 – 70

പ്രവാചകന്മാരും വേദങ്ങളും സംവദിക്കുന്നത് വികാരങ്ങളോടല്ല, മനുഷ്യന്റെ സദ്ബുദ്ധിയോടാണ്. ആളുകളെ ഉണർത്തുക മാത്രമല്ല, ശിക്ഷണം നൽകുക കൂടിയാണ് അവരുടെ ദൗത്യം. ദുർവൃത്തികളിൽനിന്നും ദുരാചാരങ്ങളിൽനിന്നും അജ്ഞതയിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ ജീവിതമൂല്യങ്ങളും മര്യാദകളും പഠിപ്പിക്കുന്നു. നേതൃത്വത്തിന്റെയും ഭരണത്തിന്റെയും വ്യവസ്ഥകൾ വിശദീകരിക്കുന്നു.

وَمَن نُّعَمِّرۡهُ نُنَكِّسۡهُ فِي ٱلۡخَلۡقِۚ أَفَلَا يَعۡقِلُونَ ٦٨

68. നാം ദീർഘായുസ്സ് കൊടുക്കുന്നവന്റെ സൃഷ്ടിഘടന കീഴ്മേൽ മറിക്കുന്നുണ്ടല്ലോ. അത് കണ്ടിട്ട് അവർക്ക് സദ്ബുദ്ധി തെളിയാത്തതെന്ത്?

**68**

وَمَن نُّعَمِّرْهُ= നാം ദീർഘായുസ്സ് കൊടുക്കുന്നവൻ(വന്റെ)

نُنَكِّسْهُ فِي الْخَلْقِ = അവന്റെ സൃഷ്ടി(ഘടന) നാം കീഴ്മേൽ മറിക്കുന്നു

أَفَلَا يَعْقِلُونَ= അവർ ബുദ്ധിപൂർവം ഗ്രഹിക്കുന്നില്ലയോ (അതു കണ്ടിട്ട് അവർക്ക് സദ്ബുദ്ധി തെളിയാത്തതെന്ത്)

عُمْر (ആയുഷ്കാലം, വയസ്സ്)-ൽനിന്നുള്ള ക്രിയാരൂപങ്ങളിലൊന്നാണ് نُعَمِّر. ഇതിന് عِمْرഎന്നും മൂലമുണ്ട്. രണ്ടിന്റെയും ബഹുവചനം اعمار. ഇതിൽനിന്നുള്ള عمارة നിർമാണവും വികസനവും ജനവാസവുമൊക്കെയാണ്. ഭൂമി കൃഷിയോഗ്യമാക്കുന്നതിനും കൃഷി ചെയ്യുന്നതിനും عمارة الارض എന്നു പറയും. കെട്ടിടമാണ് عمران. വീട്ടിൽ ആൾത്താമസമുണ്ടാകുന്നതിന് عمّر المنزل എന്നു പറയും. عمّره الله എന്നാൽ അയാൾക്ക് അല്ലാഹു ദീർഘായുസ്സരുളട്ടെ. തലകീഴാക്കലും കീഴ്മേൽ മറിക്കലുമായ نكس-ൽനിന്നുള്ള വർത്തമാന ക്രിയയാണ് نُنَكِّس. ആയുസ്സിന്റെ അവസാനഘട്ടത്തെ ആദ്യഘട്ടത്തിലെ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരുന്നു എന്നാണ് نُنَكِّسْهُ فِي الْخَلْقِ -യുടെ ആശയം. സൃഷ്ടിക്രിയക്കും ഘടനക്കും ആകാരത്തിനും ഉപയോഗിക്കുന്ന പദമാണ് خلق. ഇവിടെ ഉദ്ദേശ്യം ആകാരവും സ്വഭാവവുമാണ്. വചനതാൽപര്യമിതാണ്: ഇനി അല്ലാഹു ദീർഘായുസ്സ് നൽകുന്നവരുടെ അവസ്ഥയെക്കുറിച്ച് ആലോചിച്ചു നോക്കുക. അപ്പോൾ ബോധ്യമാകും അല്ലാഹു നിങ്ങൾക്കരുളിയ കഴിവുകളും യോഗ്യതകളും അവനുദ്ദേശിക്കുമ്പോൾ ക്ഷയിപ്പിക്കുന്നതിലും തീരെ നീക്കം ചെയ്യുന്നതിലും അത്ഭുതകരമായോ അസംഗതമായോ ഒന്നുമില്ലെന്ന്. നിങ്ങൾ ജനിച്ചുവീഴുമ്പോൾ കൈകാലുകളിട്ടടിച്ച് കരയാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. പിന്നെ കഴിവുകളും ശക്തികളും ഓരോന്നോരോന്നായി വന്നുചേർന്നു വളർന്നുകൊണ്ടിരുന്നു. യൗവനത്തിലെത്തിയപ്പോൾ കഴിവും കരുത്തും പൂർണത പ്രാപിച്ചു. നിങ്ങളിൽ പലരും ആ യോഗ്യതകൾകൊണ്ട് എന്തുമാവാമെന്ന് അഹങ്കരിച്ചു. അതൊക്കെ എന്നും നിലനിൽക്കുമെന്ന് വ്യാമോഹിച്ചു. പക്ഷേ, മധ്യവയസ്സ് പിന്നിട്ട് വാർധക്യത്തിലേക്ക് കടന്നപ്പോൾ കഴിവുകൾ ഓരോന്നാ

യി ചോർന്നുപോയിക്കൊണ്ടിരുന്നു. ശരീരത്തിന്റെ ശക്തി ക്ഷയിക്കുന്നു, കാഴ്ച മങ്ങുന്നു, കേൾവി കുറയുന്നു. പ്രായം കൂടുംതോറും അവശതകൾ കൂടി വരുന്നു. ഒടുവിൽ ശിശുക്കളുടെ അവസ്ഥയിലെത്തുന്നു. നിൽക്കാനും നടക്കാനും വയ്യ. ഒന്നും കാണാനും കേൾക്കാനും വയ്യ. അറിവുകളൊക്കെ മറവിയിൽ മറയുന്നു. ബുദ്ധിയും ചിന്തയും കുഴഞ്ഞുമറിയുന്നു. കൊച്ചുകുട്ടികളെപ്പോലെ പരസ്പരബന്ധമില്ലാതെ സംസാരിക്കുന്നു. ചിലർ ശയ്യ വിട്ടെഴുന്നേൽക്കാനാവാത്തതിനാൽ കിടന്ന കിടപ്പിൽ തന്നെ മലമൂത്ര വിസർജനം ചെയ്യുന്നു. എഴുന്നേൽക്കാൻ കഴിയുന്നവരിലും ചിലർ മാനസികമായി ശൈശവത്തിൽ തിരിച്ചെത്തിയതു മൂലം പരിസരബോധമില്ലാതെ നഗ്നരാവുകയും വിസർജനം ചെയ്യുകയും പരസ്പര ബന്ധമില്ലാതെ സംസാരിക്കുകയും ചെയ്യുന്നു.

اللَّهُ الَّذِي خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِن بَعْدِ ضَعْفٍ قُوَّةً ثُمَّ جَعَلَ مِن بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً ۚ يَخْلُقُ مَا يَشَاءُ ۖ وَهُوَ الْعَلِيمُ الْقَدِيرُ

(ബലഹീനതയിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു തുടങ്ങിയത് അല്ലാഹുവാകുന്നു. പിന്നെ ബലഹീനതക്കു ശേഷം ബലിഷ്ഠമാക്കി. പിന്നെ ബലിഷ്ഠതക്കു ശേഷം വീണ്ടും ബലഹീനവും വാർധക്യവുമാക്കി. അവനിഛിച്ചത് സൃഷ്ടിക്കുന്നു. അവൻ സർവജ്ഞനും സർവശക്തനുമാകുന്നു– 30:54).

وَاللَّهُ خَلَقَكُمْ ثُمَّ يَتَوَفَّاكُمْ ۚ وَمِنكُم مَّن يُرَدُّ إِلَىٰ أَرْذَلِ الْعُمُرِ لِكَيْ لَا يَعْلَمَ بَعْدَ عِلْمٍ شَيْئًا ۚ إِنَّ اللَّهَ عَلِيمٌ قَدِيرٌ

(നോക്കുക. അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു. പിന്നെ അവൻ തന്നെ മരിപ്പിക്കുന്നു. ചിലർ പടുവാർധക്യത്തിലേക്ക് തള്ളപ്പെടുന്നു. എല്ലാം അറിഞ്ഞതിനു ശേഷം ഒന്നും അറിയാത്ത അവസ്ഥയിലെത്താൻ. അല്ലാഹു സർവജ്ഞനും സർവശക്തനും തന്നെയാകുന്നു–16:70).

സൃഷ്ടിയുടെ കീഴ്മേൽ മറിക്കലിനെക്കുറിച്ച് പറഞ്ഞത് അവിശ്വാസികൾക്കും വിശ്വാസികൾക്കുമുള്ള മുന്നറിയിപ്പായും ഖുർആൻ വ്യാഖ്യാതാക്കൾ പരിഗണിച്ചിരിക്കുന്നു. അവിശ്വാസികളിൽ ഇങ്ങനെ ചിന്തിക്കുന്നവരുണ്ട്: മുഹമ്മദീയ സന്ദേശം സത്യമായിരിക്കാം. ആണെങ്കിൽ വയസ്സാകുമ്പോൾ അത് സ്വീകരിക്കുന്ന കാര്യം പരിഗണിക്കാം. അതുവരെ സ്വസ്ഥമായും സ്വതന്ത്രമായും ജീവിക്കണം. അതിനു മുമ്പ് ആദർശം മാറി സ്വജനത്തിൽനിന്ന് ഒറ്റപ്പെടാനും അവരുടെ അനിഷ്ടം സമ്പാദിക്കാനും വയ്യ. ദേഹേഛകൾക്കടിപ്പെട്ട് സത്യവിശ്വാസത്തിന്റെ ബാധ്യതകൾ മാനിക്കാൻ കൂട്ടാക്കാത്ത ചില വിശ്വാസികൾ അവരുടെ യൗവനകാലത്ത് ചിന്തിക്കുന്നു: ഇപ്പോൾ ഹിതാഹിതങ്ങളൊന്നും പരിഗണിക്കാതെ ജീവിതം ആസ്വദിക്കുക. ആഗ്രഹങ്ങൾ പൂർത്തീകരിക്കുക. സുഖഭോഗങ്ങളനുഭവിക്കുക. പ്രായമാകുമ്പോൾ അധർമങ്ങളൊക്കെ വർജിച്ച് തൗബ ചെയ്ത് സന്മാർഗ ജീവിതം നയിക്കാം. പുണ്യകർമങ്ങൾ ധാരാളം ചെയ്യാം. ഈ രണ്ട് കൂട്ടരോടും അല്ലാഹു പറയുകയാണ്: ഇപ്പോൾ ചെയ്യാൻ ബാക്കിവെക്കുന്ന നന്മകളൊക്കെ പ്രായമാകുമ്പോൾ ചെയ്തുകളയാമെന്ന് വ്യാമോഹിക്കേണ്ട. ചിലർക്ക് വാർധക്യം പ്രാപിക്കാൻ അവസരം ലഭിച്ചുവെന്നു വരില്ല. അവസരം ലഭിച്ചാൽ തന്നെ വാർധക്യത്തിൽ മനുഷ്യന്റെ വളർച്ച കീഴ്മേൽ മറിയും. ശരീരത്തിന്റെയും മനസ്സിന്റെയും ശക്തികൾ ചോർന്നു ചോർന്ന് ഒടുവിൽ നിങ്ങൾ ശൈശവാവസ്ഥയിലെത്തും. ഒന്നിനും കഴിയാതാകും. അതുകൊണ്ട് സത്യമെന്ന് ബോധ്യപ്പെടുന്ന തത്ത്വങ്ങൾ ഇപ്പോൾ തന്നെ സ്വീകരിച്ചുകൊള്ളുക, ധർമമെന്ന് ബോധ്യപ്പെടുന്ന കർമങ്ങൾ ഇപ്പോൾ തന്നെ ചെയ്തു തുടങ്ങുക. ■

وَمَا عَلَّمْنَاهُ الشِّعْرَ وَمَا يَنبَغِي لَهُ ۚ إِنْ هُوَ إِلَّا ذِكْرٌ وَقُرْآنٌ مُّبِينٌ ﴿٦٩﴾

69. നാം പ്രവാചകനെ കവിത പഠിപ്പിച്ചിട്ടില്ല. കവിത്വം അദ്ദേഹത്തിന് ഭൂഷണവുമല്ല. ഇത് ഒരു ഉദ്ബോധനവും വ്യക്തമായി വായിക്കപ്പെടുന്ന വേദവും തന്നെയാകുന്നു.

**69**

وَمَا عَلَّمْنَاهُ = നാം അദ്ദേഹത്തെ (പ്രവാചകനെ) പഠിപ്പിച്ചിട്ടില്ല

الشِّعْرَ = കവിത وَمَا يَنبَغِي لَهُ = അത് (കവിത്വം) അദ്ദേഹത്തിനു ഭൂഷണവുമല്ല

إِنْ هُوَ إِلَّا ذِكْرٌ = അത് ഒരു ഉദ്ബോധനം(നവും) അല്ലാതെയല്ല

وَقُرْآنٌ مُّبِينٌ = വ്യക്തമായി വായിക്കപ്പെടുന്നത് (വേദവും) അല്ലാതെയല്ല (തന്നെയാകുന്നു)

വിശുദ്ധ ഖുർആനിനെത്തന്നെ മുഹമ്മദീയ പ്രവാചകത്വത്തിന്റെ സാക്ഷിയാക്കിക്കൊണ്ടും ഖുർആൻ അവതീർണമായതിന്റെ ലക്ഷ്യമെന്തെന്ന് ഉണർത്തിക്കൊണ്ടുമാണല്ലോ സൂറ ആരംഭിച്ചത്. തുടർന്ന് ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങളായ തൗഹീദും ആഖിറത്തും രിസാലത്തും (ദൈവത്തിന്റെ ഏകത്വം, പരലോകം, പ്രവാചകത്വം) വിശദീകരിക്കുകയും പ്രാപഞ്ചിക പ്രതിഭാസങ്ങളെ ആ തത്ത്വങ്ങൾ സ്ഥിരപ്പെടുത്തുന്ന അനിഷേധ്യ ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഒടുവിൽ പ്രഭാഷണം ഖുർആനിന്റെ മഹത്വത്തിലേക്ക് തന്നെ തിരിയുകയാണ്.

ഉപരിസൂചിത തത്ത്വങ്ങൾ അനിതരസാധാരണമായ വശ്യതയോടെ തെളിവു സഹിതം അവതരിപ്പിച്ചപ്പോൾ മക്കയിലെ അവിശ്വാസികൾക്ക് അതിനെ ബുദ്ധിപരമായി നേരിടാൻ കഴിഞ്ഞില്ല. മക്കാ മുശ്‌രിക്കുകൾക്കെന്നല്ല ലോകത്താർക്കും അതു കഴിയില്ലല്ലോ. ഈ പരാജയം മറച്ചുവെക്കാൻ അന്നത്തെ അവിശ്വാസികൾ അവലംബിച്ച തന്ത്രമാണ് പ്രവാചകൻ കവിയാണെന്ന ആരോപണം. അവർ പറഞ്ഞു: ഖുർആൻ എന്ന പേരിൽ മുഹമ്മദ് അവതരിപ്പിക്കുന്ന വചനങ്ങൾ മനോഹരങ്ങളാണ്, ഹൃദയാവർജകമാണ്. ശ്രോതാക്കളെ ഹഠാദാകർഷിക്കുന്നതുമാണ്. പക്ഷേ, അതുകൊണ്ടൊന്നും

അയാൾ ഓതുന്നത് ദൈവിക വചനങ്ങളാണെന്ന് വിശ്വസിച്ച് പിന്നാലെ പോകരുത്. കാവ്യശാസ്ത്രം നന്നായി പഠിച്ച കവിയാണയാൾ. അയാളുടെ കാവ്യപ്രതിഭയുടെ വിളയാട്ടമാണ് നമ്മളീ കേൾക്കുന്ന വചനങ്ങൾ. ഈ പ്രചാരണം പ്രചണ്ഡമായ അന്തരീക്ഷത്തിൽ അതിനെ ഖണ്ഡിക്കുമ്പോൾ ആരെയാണ് ഖണ്ഡിക്കുന്നതെന്ന് പറയാതെ തന്നെ ശ്രോതാക്കൾക്ക് മനസ്സിലാകുമായിരുന്നു. അവിശ്വാസികൾ പ്രവാചകനിൽ കവിത്വമാരോപിച്ചതിനെ ഖുർആൻ വ്യത്യസ്ത ശൈലികളിലായി പലയിടത്തും ഖണ്ഡിക്കുന്നുണ്ട്. സൂറഃ *അശ്ശുഅറാഅ്* 224-227 സൂക്തങ്ങൾ ഉദാഹരണം. കവിതയോടും കവിയോടുമുള്ള ഇസ്‌ലാമിന്റെ സമീപനവും, സത്യത്തോടും ധാർമിക മൂല്യങ്ങളോടും നൈതികതയോടും പ്രതിബദ്ധതയില്ലാത്ത കവികളുടെ ദോഷങ്ങളും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ ചർച്ച ചെയ്തിരിക്കുന്നു. മുഹമ്മദ് പഠിച്ച കവിയാണ്, ജനത്തെ വശീകരിക്കാൻ അയാൾ ചമക്കുന്ന വരികളാണ് ഖുർആൻ, ആരും അതു കേൾക്കാൻ പോകരുത്, കേട്ടാൽ അയാളുടെ വലയിൽ കുടുങ്ങിപ്പോകും. ഈ പ്രചാരണം പാമര ജനങ്ങളെ പ്രവാചകനിൽനിന്ന് അകറ്റാൻ ഏറെ പ്രയോജനപ്പെട്ടിരുന്നു. എന്നാൽ ഇങ്ങനെ പ്രചരിപ്പിച്ചിരുന്നവർ സ്വയം ആ പ്രചാരണത്തിൽ വിശ്വസിച്ചിരുന്നില്ല. ഖുർആൻ കവിതയല്ല എന്ന് ഖുറൈശികൾ അവരുടെ രഹസ്യയോഗങ്ങളിൽ സമ്മതിച്ചിരുന്നുവെന്നതാണ് വസ്തുത. ചരിത്രകാരൻ ഇബ്നു ഇസ്ഹാഖും ഹദീസ് പണ്ഡിതൻ ബൈഹഖിയും ഉദ്ധരിക്കുന്ന ഒരു സംഭവം: ഒരു ഹജ്ജ് കാലത്ത് മുഹമ്മദീയ പ്രസ്ഥാനം ജനത്തെ സ്വാധീനിക്കുന്നത് തടയാൻ മാർഗം കണ്ടെത്തുന്നതിനു വേണ്ടി ഖുറൈശി പ്രമാണിമാർ സഭ കൂടി. ഹജ്ജ് കാലത്ത് നാനാദിക്കിൽനിന്നും അറബികൾ മക്കയിലെത്തും. മുഹമ്മദ് അയാളുടെ ഖുർആനുമായി അവരെ സമീപിക്കുമെന്നുറപ്പാണ്. ഒരുമാതിരി പെട്ടവരെയെല്ലാം അയാൾ വശീകരിക്കുകയും ചെയ്യും. അതു തടയാൻ നമ്മൾ എന്തെങ്കിലും ചെയ്തേ പറ്റൂ. അവരെ അയാളിൽനിന്ന് അകറ്റാൻ നമ്മളെല്ലാവരും അയാളിൽ ആരോപിക്കുന്ന കുറ്റങ്ങൾ ഒന്നുതന്നെയായിരിക്കണം. ചിലർ അയാൾ ഭ്രാന്തനാണെന്നും മറ്റു ചിലർ പഠിച്ച കള്ളനാണെന്നും വേറെ ചിലർ കവിയാണെന്നും ഇനിയും ചിലർ മന്ത്രവാദിയാണെന്നും പറഞ്ഞാൽ ആളുകൾ നമ്മെ മുഖവിലക്കെടുക്കുകയില്ല. അയാളെ നേരിട്ടു പഠിക്കുകയും ആകൃഷ്ടരാവുകയും ചെയ്യും. അയാളെക്കുറിച്ച് ഉന്നയിക്കാവുന്ന ഏറ്റവും വിശ്വസനീയമായ ആരോപണം ഏതാണോ അതുതന്നെ എല്ലാവരും പറയണം. ചിലർ അഭിപ്രായപ്പെട്ടു: 'അയാൾ ഒരു ജ്യോത്സ്യനാണെന്നു പറയാം.' സഭാ നേതാവായ വലീദുബ്നു മുഗീറ എതിർത്തു. 'അല്ലാഹുവാണ, അയാൾ ജ്യോത്സ്യനല്ല. ജ്യോത്സ്യന്മാർ പ്രത്യേക താളത്തിലും സ്വരത്തിലും നടത്തുന്ന ജൽപനങ്ങളുടെ സ്വഭാവത്തിലുള്ള വചനങ്ങളൊന്നുമല്ല അയാൾ പറയുന്നത്.' 'എങ്കിൽ അയാളൊരു ഭ്രാന്തനാണെന്ന് പ്രചരിപ്പിച്ചാലോ?' ചിലർ അഭിപ്രായപ്പെട്ടു. വലീദ് അതും സ്വീകരിച്ചില്ല. 'ഭ്രാന്തന്മാരുടെ ഉന്മാദമോ പിരിയിളക്കമോ അന്തർമുഖത്വമോ ഒന്നും അയാളിൽ കാണപ്പെടുന്നില്ലല്ലോ.' അയാൾ കവിയാണെന്നു പറയാമെന്നായിരുന്നു ഇനിയും ചിലർ നിർദേശിച്ചത്. വലീദ് പറഞ്ഞു: 'കവിത എന്താണെന്ന് എനിക്കറിയാം. അതിന്റെ വൃത്തം, പ്രാസം, ഭാവുകത്വം തുടങ്ങിയ രചനാ വ്യവസ്ഥകൾക്കെല്ലാം അതീതമാണ് ഖുർആൻ.'

മുസ്‌ലിമും ബുഖാരിയും ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: താൻ പ്രവാചകനാണെന്ന് വാദിച്ചുകൊണ്ട് മക്കയിൽ ഒരാൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നു കേട്ട് ഗിഫാർ ഗോത്രജനായ അബൂദർറ് തന്റെ സഹോദരൻ, ഉനൈസുബ്നു ജുനൈദിനെ ആ വാർത്തയുടെ നിജഃസ്ഥിതി അറിഞ്ഞു വരാൻ മക്കയിലേക്ക് അയച്ചു. അവിടെ ചെന്ന് അന്വേഷണം നടത്തി തിരിച്ചെത്തിയ ഉനൈസ് സഹോദരൻ അബൂദർറിനെ അറിയിച്ചു: 'അദ്ദേഹം ഉത്തമ ധർമങ്ങൾ കൽപിക്കുന്നവനായിട്ടാണ് ഞാൻ കണ്ടത്. അദ്ദേഹം ചില വചനങ്ങൾ പറയുന്നുണ്ട്. അത് കവിതയല്ല.' അബൂദർറ് ചോദിച്ചു: 'ആളുകൾ അയാളെ കുറിച്ച് എന്തു പറയുന്നു?' ഒരു കവി കൂടിയായിരുന്ന ഉനൈസ് പറഞ്ഞു: 'അദ്ദേഹം കവിയാണെന്നും ജ്യോത്സ്യനാണെന്നും മന്ത്രവാദിയാണെന്നുമൊക്കെ ആളുകൾ പറയുന്നുണ്ട്. പക്ഷേ, ഞാൻ ജ്യോത്സ്യ പ്രവചനം ഏറെ കേട്ടിട്ടുള്ളതാണ്. അതൊന്നുമല്ല അദ്ദേഹത്തിന്റെ വചനങ്ങൾ. കാവ്യനിയമങ്ങളോടൊന്നും ഒട്ടും യോജിക്കുന്നതുമല്ല അവ. അല്ലാഹുവാണ, അദ്ദേഹം സത്യവാനാണ്.' അദ്ദേഹത്തെ എതിർക്കുന്നവർ പറയുന്നതൊക്കെ കള്ളമാണ്.

يَنۢبَغِي لَهُ -എന്ന വാക്കിന്റെ ആശയം നേരത്തേ 40-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. ഈ വാക്യം പറയുന്നതിതാണ്: ഈ പ്രവാചകനെ പഠിപ്പിക്കുന്നത് അല്ലാഹു നേരിട്ടാണ്. എന്നാൽ അവൻ അദ്ദേഹത്തെ കവിത പഠിപ്പിക്കുന്നില്ല. കവിത പഠിക്കേണ്ട കാര്യവും അദ്ദേഹത്തിനില്ല. അത് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് ഭൂഷണവുമല്ല. പ്രവാചകത്വത്തിന് ഏറെ താഴെയാണ് കവിത്വം. അതിനു രണ്ടു കാരണങ്ങളുണ്ട്:

ഒന്ന്, പ്രവാചകന്മാരുടെ സ്വഭാവ വിശേഷങ്ങളും കവികളുടെ സ്വഭാവ വിശേഷങ്ങളും തമ്മിൽ വിണ്ണും മണ്ണും തമ്മിലുള്ള അന്തരമുണ്ട്. നേരത്തേ സൂചിപ്പിച്ച സൂറ *ശുഅറാഉ*ലെ സൂക്തങ്ങൾ ദുഷ്ട കവികളിൽ മൂന്നു തിന്മകൾ ആരോപിക്കുന്നുണ്ട്. സ്വയം ഒരു കവിത രചിച്ചിട്ട് അത് ദൈവിക വചനങ്ങളാണെന്ന് അവകാശപ്പെടുന്ന കവി ദുഷ്ട കവി തന്നെയാണല്ലോ. അപ്പോൾ അയാളിലും ദുഷ്ട കവികളുടെ സ്വഭാവങ്ങൾ കാണേണ്ടതാണ്. പ്രവാചകത്വത്തിന്റെ ഗുണങ്ങൾക്ക് കടകവിരുദ്ധമാണ് ആ മൂന്നു സ്വഭാവങ്ങളും.

കവികളുടെ പിന്നാലെ കൂടുന്നത് വഴിപിഴച്ച ആളുകളായിരിക്കും എന്നതാണൊന്ന്. الشعراء يتبعهم الغاوون അതായത് ജീവിതത്തെ ബുദ്ധിപൂർവം വീക്ഷിക്കുകയും ഗൗരവബുദ്ധ്യാ ജീവിതത്തിന്റെ യാഥാർഥ്യങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നവർ ജഢികാസക്തികൾ പ്രചോദിപ്പിക്കുന്ന, നൈമിഷികാനുഭൂതികൾ സംക്രമിപ്പിക്കുന്ന ക്ഷുദ്ര കവികളെ ആചാര്യന്മാരായി സ്വീകരിച്ച് അനുധാവനം ചെയ്യുകയില്ല. മുഹമ്മദ് നബി അവതരിപ്പിക്കുന്നത് നൈമിഷികമായ അനുഭൂതികളല്ല. മർത്യജീവിതത്തിന്റെ യാഥാർഥ്യവും ലക്ഷ്യവുമാണ്. ജീവിത സാഫല്യം അന്വേഷിക്കുന്നവരാണ് അദ്ദേഹത്തെ പിന്തുടരുന്നത്. അദ്ദേഹത്തിന്റെ അനുയായികളിൽ ഏഴകളും പാവങ്ങളുമുണ്ടാവാം. എങ്കിലും അവരെല്ലാവരും മാന്യന്മാരും ധാർമിക-സദാചാര നിയമങ്ങൾ പാലിക്കുന്നവരുമാണ്. തെമ്മാടികളോ അലവലാതികളോ അക്കൂട്ടത്തിൽ കാണപ്പെടുന്നില്ല. അനാശാസ്യ നടപടികളിലേർപ്പെട്ടിരുന്നവർ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതോടെ

ധാർമിക പ്രതിബദ്ധതയുള്ള സന്മാർഗികളായി മാറുന്നു. കണ്ണുള്ളവർക്കൊക്കെ കാണാൻ കഴിയുന്നവ തന്നെയാണിത്. ഒന്നിലും ഉറച്ചുനിൽക്കാതെ അപ്പപ്പോൾ തോന്നുന്നത് പാടുകയും അലഞ്ഞു നടന്ന് എത്തുന്നിടത്തൊക്കെ താമസിക്കുകയും ചെയ്യുകയാണ് രണ്ടാമത്തെ സ്വഭാവം- وانهم فى كل واد يهيمون ഒരിക്കൽ പാടിയതിനു വിരുദ്ധമായിരിക്കും മറ്റൊരിക്കൽ പാടുന്നത്. തങ്ങൾ അവതരിപ്പിക്കുന്ന ഒരു ആശയവും യാഥാർഥ്യമാക്കാനുള്ള സൃഷ്ടിപരമായ ശ്രമങ്ങളൊന്നും അവർ നടത്താറില്ല. മുഹമ്മദ് നബി തുടക്കം മുതലേ പറഞ്ഞുവരുന്നത് ഒരേ ആദർശങ്ങളാണ്. അത് പ്രചരിപ്പിക്കാനും പ്രയോഗവത്കരിക്കാനും കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. നാട്ടുകാർ അദ്ദേഹം നാടുവിട്ടു പോകണമെന്നാഗ്രഹിച്ചിട്ടും അതിനു വേണ്ടി ശ്രമിച്ചിട്ടും അദ്ദേഹം നാടുവിടുന്നില്ല. സ്വദേശത്തെ സ്വന്തം ആദർശത്തിനനുഗുണമായി പരിവർത്തിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടെ അവിടെ തന്നെ ഉറച്ചുനിൽക്കുകയാണദ്ദേഹം. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുധ്യമാണ് ക്ഷുദ്ര കവികളുടെ മൂന്നാമത്തെ സ്വഭാവം- وانهم يقولون مالا يفعلون . വലിയ വലിയ കാര്യങ്ങൾ പാടി നടക്കും. അവരുടെ ജീവിതം അതിൽനിന്നൊക്കെ മുക്തമായിരിക്കും. മുഹമ്മദ് (സ) പറയുന്നതെന്താണോ അതുതന്നെ പ്രവർത്തിക്കുകയും ചെയ്യുന്നു. സ്വയം പ്രവർത്തിക്കാത്തതൊന്നും അദ്ദേഹം ഉപദേശിക്കുന്നില്ല. എന്നു മാത്രമല്ല, പ്രവർത്തിക്കാത്തത് പറഞ്ഞു നടക്കുന്നവരെ രൂക്ഷമായി വിമർശിക്കുകയും ചെയ്യുന്നു. എല്ലാ സത്യപ്രവാചകന്മാരുടെയും വേദങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്.

കവിത്വം പ്രവാചകത്വത്തിന് നിരക്കാത്തതാകുന്നതിന്റെ രണ്ടാമത്തെ കാരണം, കവികളും കവിതയും മുഖ്യമായി സംക്രമണം ചെയ്യുന്നത് വികാരങ്ങളെയും അനുഭൂതികളെയുമാണ്. മനുഷ്യന്റെ മൃദുല വികാരങ്ങളെ ഉണർത്തുകയാണ് അധിക കവികളും ചെയ്യുന്നത്. ആസ്വാദകരിൽ സദ്വികാരങ്ങളുണർത്തുകയും വിശിഷ്ടമായ അനുഭൂതികൾ സംക്രമിപ്പിക്കുകയും ചെയ്യുന്ന ഉത്തമ കവികൾ ഉണ്ടെങ്കിലും വളരെ കുറവാണ്. അറബികളുടെ ഗോത്ര യുദ്ധങ്ങൾക്ക് ഇന്ധനം പകർന്നിരുന്നത് ഗോത്ര വർഗീയത ഉജ്ജീവിപ്പിക്കുന്ന കവികളായിരുന്നു. സ്ത്രീസൗന്ദര്യത്തിന്റെയും ലൈംഗിക ചേഷ്ടകളുടെയും വർണനകൾ, തങ്ങൾക്ക് വല്ലതും ദാനം ചെയ്തവരുടെ സ്തുതിഗീതങ്ങൾ, പരാക്രമികളുടെ വീര സാഹസങ്ങൾ ഇതൊക്കെയായിരുന്നു പഴയ ജാഹിലീ കവികളുടെ പ്രിയപ്പെട്ട പ്രമേയങ്ങൾ. പ്രവാചകന്മാരും വേദങ്ങളും സംവദിക്കുന്നത് വികാരങ്ങളോടല്ല, മനുഷ്യന്റെ സദ്ബുദ്ധിയോടാണ്. ആളുകളെ ഉണർത്തുക മാത്രമല്ല, ശിക്ഷണം നൽകുക കൂടിയാണ് അവരുടെ ദൗത്യം. ദുർവൃത്തികളിൽനിന്നും ദുരാചാരങ്ങളിൽനിന്നും അജ്ഞതയിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ ജീവിതമൂല്യങ്ങളും മര്യാദകളും പഠിപ്പിക്കുന്നു. നേതൃത്വത്തിന്റെയും ഭരണത്തിന്റെയും വ്യവസ്ഥകൾ വിശദീകരിക്കുന്നു. ഇതൊന്നും സാധാരണ കവികളുടെ വിഷയങ്ങളല്ല. അതുകൊണ്ടാണ് അല്ലാഹു അവന്റെ പ്രവാചകന്മാരെ കവികളാക്കാതെ വേദഗ്രന്ഥങ്ങളുടെ വാഹകരാക്കിയത്.

ഇവിടെ രണ്ട് സംശയങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. 'പ്രവാചകന് അല്ലാഹു കവിത പഠിപ്പിച്ചില്ല' എന്ന വാക്യത്തിൽനിന്ന് മനസ്സിലാക്കേണ്ടത് അദ്ദേഹത്തിന് കവിത രചിക്കാനും ചൊല്ലാനും അറിയില്ല എന്നാണല്ലോ. അദ്ദേഹം കവിത രചിച്ചതായും പാടിയതായും പറയപ്പെടുന്നുണ്ടല്ലോ. ഈ സംശയം ഇങ്ങനെ വിശദീകരിക്കപ്പെട്ടിരിക്കുന്നു: ജീവിതത്തിൽ വല്ലപ്പോഴും ഗാനം മൂളിയതുകൊണ്ട് ഒരാൾ ഗായകൻ എന്നോ സംഗീതവിദ്വാൻ എന്നോ വിശേഷിപ്പിക്കപ്പെടാൻ അർഹനാകുന്നില്ല. അങ്ങനെയെങ്കിൽ ലോകത്തുള്ള സകല മനുഷ്യരെയും ഗായകരെന്നും സംഗീതജ്ഞരെന്നും വിശേഷിപ്പിക്കാവുന്നതാണ്. എപ്പോഴോ പറഞ്ഞ ചില വാചകങ്ങൾ വൃത്തവും പ്രാസവും ഒത്തുവന്നതിന്റെ പേരിൽ ഒരാൾ കവി എന്ന വിശേഷണത്തിന് അർഹനാകുന്നില്ല. ആകുമെങ്കിൽ മനുഷ്യരൊക്കെയും കവികളാണെന്നു പറയേണ്ടിവരും. നബി(സ) നല്ല കവിത ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്തിരുന്നു. ശിഷ്യന്മാർ പാടുന്ന കവിതകൾ കേട്ട് ആസ്വദിക്കാറുമുണ്ടായിരുന്നു. സ്വയം പാടുന്ന പതിവുണ്ടായിരുന്നില്ല. കവിതയെപ്പറ്റി നബി(സ) പ്രസ്താവിച്ചതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ''കവിതകളിൽ ചിലത് ജ്ഞാനം തന്നെയാണ്.'' ലബീദിന്റെ ألا كل شيئ ماخلا الله باطل (അറിയുവിൻ, അല്ലാഹു അല്ലാത്തതെല്ലാം നശ്വരമാകുന്നു) എന്ന വരിയെ 'കവി പറഞ്ഞ സത്യം' എന്ന് നബി(സ) പ്രശംസിക്കുകയുണ്ടായി. എന്നാൽ വല്ലപ്പോഴും ആരുടെയെങ്കിലും കവിത ചൊല്ലുകയാണെങ്കിൽ അദ്ദേഹത്തിനു തെറ്റാറുണ്ടായിരുന്നതായും നിവേദനമുണ്ട്. കവി ത്വറഫയുടെ ويأتيك بالاخبار من لم تزوّد എന്ന വരി നബി(സ) ويأتيك من لم تزود بالأخبارഎന്ന് തെറ്റായി പാടിയിരുന്നുവത്രെ. പദ്യകലയിൽ പരിജ്ഞാനമുള്ളവർക്ക് ഇങ്ങനെ തെറ്റുകയില്ല. ഇത് അല്ലാഹു അദ്ദേഹത്തിന് കവിത പഠിപ്പിച്ചിട്ടില്ല എന്നതിന്റെ സാക്ഷ്യമായി കൂടി ഗണിക്കപ്പെടുന്നു.

നബി(സ) സ്വയം രചിച്ചു പാടിയതായി ഉദ്ധരിക്കപ്പെടുന്ന ഒരേയൊരു ഈരടി ഇതാണ്:

انا النبي لاكذب    انابن عبد المطلب

(ഞാൻ പ്രവാചകനാണ്. കള്ളമല്ല. ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ പുത്രനാണ്). ഈ വരി അറബി പദ്യവ്യവസ്ഥയനുസരിച്ച് വൃത്തവും പ്രാസവും ഒത്തുവന്നിട്ടുണ്ടെങ്കിലും അത് യാദൃഛികമാണ്. താൻ ഒരു കവിത രചിക്കുന്നു എന്ന ഉദ്ദേശ്യത്തോടെ പാടിയ വരിയല്ല അത്. അഹ്സാബ് യുദ്ധവേളയിൽ ശത്രുക്കളെ പ്രതിരോധിക്കാൻ മദീനക്കു ചുറ്റും കിടങ്ങു കുഴിക്കാൻ മുന്നിട്ടിറങ്ങിയ നബി(സ) ആ സംരംഭത്തിലേർപ്പെട്ട സ്വഹാബത്തിന് ആവേശം പകരാനും അമാന്തിക്കുന്നവരെ ഉത്സാഹിപ്പിക്കാനും ഉയർത്തിയ മുദ്രാവാക്യമായിരുന്നു അത്. അല്ലാഹുവിന്റെ പ്രവാചകനും ഖുറൈശികളുടെ തലവനായിരുന്ന അബ്ദുൽ മുത്ത്വലിബിന്റെ പൗത്രനുമായ താൻ ചെയ്യുന്ന ഈ ജോലിയിൽ എല്ലാവരും അഹമഹമികയാ ഭാഗഭാക്കാകണമെന്നാണ് അതിന്റെ താൽപര്യം.

കാവ്യഗുണങ്ങൾ വിളങ്ങുന്ന അനേകം വചനങ്ങൾ ഖുർആനിലുണ്ടല്ലോ എന്നതാണ് രണ്ടാമത്തെ സംശയം. പദ്യം പോലെ ചൊല്ലാവുന്ന ചില സൂക്തശകലങ്ങൾ ഖുർആനിലുണ്ടെന്നത് ശരിയാണ്. അതെല്ലാം കവിതയായി രചിക്കപ്പെട്ടതാണ് എന്ന് കരുതുന്നതിൽ അർഥമില്ല. ഖുർആൻ ഉന്നതമായ സാഹിത്യ ഭാഷയിലാണ്. ഏതു ഭാഷയിലെയും സുന്ദരമായ വാക്കുകളും പ്രയോഗങ്ങളും അതിലെ കവിതകളിൽ കാണപ്പെടുക സ്വാഭാവികമാണ്. സാഹിത്യ സൗന്ദര്യ

മുള്ള ഗദ്യത്തിലും പ്രഭാഷണത്തിലും എല്ലാം അതുണ്ടാകും. അതുപോലെ ഖുർആനിലും ഉണ്ട്. ........ لن تنال البرّ എന്ന സൂക്തം ഒരു ഈരടി പോലെ പാടാൻ കഴിയും. പദ്യത്തിന്റെ മാത്രയും (وزن) പ്രാസവും ഒത്ത ഒറ്റപാത (مصراع) യാണ് ചൂണ്ടിക്കാണിക്കപ്പെടുന്ന പലതും. ഉദാ: وَاصْنَعِ الْفُلْكَ بِأَعْيُنِنَا (11:37). مِنْهَا خَلَقْنَاكُمْ وَفِيهَا نُعِيدُكُمْ (20:55), രണ്ട് പാതകൾ ചേർന്നതാണ് ഒരു ഈരടി- بيت. ഒരു بيت -ൽ കുറഞ്ഞത് കവിതയാകുന്നില്ല. മാത്രയും വൃത്തവും പ്രാസവും എല്ലാം ഒപ്പിച്ച് രചിക്കപ്പെട്ട ഗ്രന്ഥമാണോ ഖുർആൻ എന്നതാണ് പ്രധാന ചോദ്യം. മുഴുവൻ അല്ലെങ്കിൽ സിംഹഭാഗമെങ്കിലും അങ്ങനെ രചിക്കപ്പെട്ടതായിരിക്കണം. എങ്കിലേ ഖുർആൻ പദ്യമോ ഗദ്യമോ എന്ന ചർച്ചക്ക് പ്രസക്തിയുള്ളൂ. അപൂർവം സൂത്രശകലങ്ങളിൽ കാണപ്പെടുന്ന വൃത്ത ഭംഗിയെ ചൊല്ലി ഖുർആൻ കവിതയാണെന്ന് വാദിക്കാമെങ്കിൽ ശാസ്ത്ര ഗ്രന്ഥങ്ങളും ചരിത്ര ഗ്രന്ഥങ്ങളും വർത്തമാന പത്രങ്ങളുമൊക്കെ കവിതയാണെന്നു പറയേണ്ടിവരും.

പ്രവാചകൻ പ്രചരിപ്പിക്കുന്ന ഈ വചനം കവിതയോ കഥാപ്രസംഗമോ അല്ല. ഒരു ذكر-ഉം വ്യക്തമായ ഖുർആനും മാത്രമാകുന്നു. സ്മരണയും അനുസ്മരണവുമാണ് ذكر. ഖുർആൻ അനുസ്മരിപ്പിക്കുന്നത് മനുഷ്യവംശത്തിന്റെ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച, അല്ലാഹു ആണ് അവരുടെ വിധാതാവെന്നും അവൻ മാത്രമാണ് ആരാധ്യനെന്നുമുള്ള അന്തർബോധവും 7:172-ൽ പറഞ്ഞ, അല്ലാഹുവിനോട് ചെയ്ത കരാറുമാണ്. ഈ അന്തർബോധത്തിനും ആദികരാറിനും അനുബന്ധമായി ആദം(അ) മുതൽ മുഹമ്മദ് നബി(സ) വരെയുള്ള പ്രവാചകന്മാർ പ്രബോധനം ചെയ്ത ധർമശാസനകളും ആ ശാസനകൾ യഥാവിധം പാലിക്കുന്നതിന്റെ ഗുണങ്ങളും ലംഘിക്കുന്നതിന്റെ തിക്ത ഫലങ്ങളും അനുസ്മരിപ്പിക്കുന്നു. വർധിച്ച വായനയും വായിക്കപ്പെടുന്നതുമാണ് قرآن. വായിക്കപ്പെടുന്നത് എന്ന ആശയത്തെ ആധാരമാക്കി قرآن-നെ മനുഷ്യ ജീവിതത്തിന് സമഗ്രമായി മാർഗദർശനം നൽകുന്ന, ജീവിതത്തിന്റെ അർഥവും ലക്ഷ്യവും ലക്ഷ്യത്തിലെത്താനുള്ള മാർഗവും വിവരിച്ചുതരുന്നതും സുവ്യക്തമായി വായിച്ചു ഗ്രഹിക്കാവുന്നതുമായ ഗ്രന്ഥം എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. അതിനു കവിതയുമായോ കവിത്വവുമായോ ഒരു താരതമ്യവുമില്ല. ലോക ചരിത്രത്തിലിന്നോളം ഒരു കവിയും ഇത്തരമൊരു ഗ്രന്ഥം അവതരിപ്പിച്ചിട്ടുമില്ല. ■

---

لِّيُنذِرَ مَن كَانَ حَيًّا وَيَحِقَّ الْقَوْلُ عَلَى الْكَافِرِينَ ﴿٧٠﴾

70. ജീവനുള്ളവർക്ക് പ്രവാചകൻ മുന്നറിയിപ്പു നൽകാനും സത്യധർമങ്ങൾ നിഷേധിച്ചു വാണവരുടെ മേൽ വചനം യാഥാർഥ്യമായി പുലരാനും.

**70**

لِّيُنذِرَ = അദ്ദേഹം (പ്രവാചകൻ) മുന്നറിയിപ്പു നൽകാൻ

مَن كَانَ حَيًّا = ജീവനുള്ളവ(ർക്ക്)രായവർക്ക് وَيَحِقَّ الْقَوْلُ = വചനം യാഥാർഥ്യമാവാ(മായി പുലരാ)നും

عَلَى الْكَافِرِينَ = (സത്യധർമങ്ങൾ) നിഷേധിച്ചവ(ച്ചു വാണവ)രുടെ മേൽ

ഖുർആൻ അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നു. لِّيُنذِرَ (മുന്നറിയിപ്പു നൽകൽ)-യുടെ കർത്താവ് നബി(സ) ആണ്. مَن كَانَ حَيًّا (ജീവനുള്ളത്, ആയവൻ) എന്നതിന് രണ്ട് വിവക്ഷയാവാം: ഒന്ന്, ഈ ഖുർആനിന്റെ സാന്നിധ്യത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യരെയും താക്കീതു ചെയ്യാൻ. ബുദ്ധിയുടെയും വിവേകത്തിന്റെയും മൗലികമായ ധാർമിക ബോധത്തിന്റെയും ചൈതന്യം അസ്തമിച്ചിട്ടില്ലാത്ത മനുഷ്യർ എന്നാണ് രണ്ടാമത്തേത്. ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം അസ്തമിച്ചുകഴിഞ്ഞവർക്ക് ഖുർആൻ പ്രയോജനപ്പെടുകയില്ല. നേരത്തേ 11-ാം സൂക്തത്തിൽ അക്കാര്യം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ജാഹിലീ പ്രത്യയശാസ്ത്രങ്ങളിലും ശഠിച്ചുനിന്ന് ദൈവിക സന്ദേശങ്ങൾ കേൾക്കാനും അതേപ്പറ്റി സദ്ബുദ്ധിയോടെ ചിന്തിക്കാനും കൂട്ടാക്കാത്ത ആളുകളെ ഖുർആൻ പലയിടത്തും മരിച്ചവരായി വ്യവഹരിക്കുന്നുണ്ട്. إِنَّمَا يَسْتَجِيبُ الَّذِينَ يَسْمَعُونَ وَالْمَوْتَىٰ يَبْعَثُهُمُ اللَّهُ ثُمَّ إِلَيْهِ يُرْجَعُونَ (കേൾക്കുന്ന ജനം മാത്രമേ സത്യപ്രബോധനത്തിന് ഉത്തരം നൽകൂ. മരിച്ചവരോ, അല്ലാഹു അവരെ ഉയിർത്തെഴുന്നേൽപിക്കുകയും പിന്നെ അവങ്കലേക്ക് മടക്കുകയും ചെയ്യുന്നു). إِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ (നിനക്ക് മരിച്ചവരെ കേൾപ്പിക്കാനാവില്ല. ബധിരരെയും വിളികേൾപ്പിക്കാനാവില്ല-27:80, 30:52). وما انت بمسمع من فى القبور (ഖബ്റിൽ കിടക്കുന്നവരെ കേൾപ്പിക്കാൻ നിനക്ക് കഴിയില്ല). മനുഷ്യന് മനുഷ്യജന്മം നൽകിയിരിക്കുന്നത് സത്യം അന്വേഷിക്കാനും കണ്ടെത്താനും സത്യത്തിൽ ജീവിക്കാനുമാണ്. അതിനുള്ള മാധ്യമമാണ് ബുദ്ധിയും വിവേകവും മനുഷ്യത്വവും. ഈ ധർമം അവഗണിക്കുന്നവർ ബുദ്ധിപരമായും ധാർമികമായും മരിച്ചിരിക്കുന്നു. പ്രവാചക ദൗത്യത്തിലൂടെ അവർക്കെതിരെ ന്യായം പൂർത്തീകരിക്കുകയാണ് അല്ലാഹു; ഞങ്ങൾ ദൈവിക സന്ദേശമൊന്നും അറിഞ്ഞിട്ടില്ല, അതറിയിക്കാനും താക്കീതു ചെയ്യാനും ആരും വന്നിട്ടുമില്ല, വന്നിരുന്നുവെങ്കിൽ അവരെ അനുഗമിച്ച് ഞങ്ങൾ സന്മാർഗം പ്രാപിക്കുമായിരുന്നു എന്ന് നാളെ ന്യായം പറയാതിരിക്കാൻ.

قول -വചനം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, ഇബ്ലീസിന്റെ വെല്ലുവിളിക്ക് മറുപടിയായി അല്ലാഹുവിങ്കൽനിന്ന് അരുളപ്പെട്ട വചനമാണ്. മർത്യരുടെ മാർഗദർശനത്തിനു വേണ്ടി ഞാൻ വേദപ്രമാണങ്ങളെയും അത് പഠിപ്പിക്കുന്ന പ്രവാചകന്മാരെയും അയക്കുന്നതാകുന്നു. എന്നിട്ടും അവർ നിന്നെത്തന്നെ അനുഗമിക്കുകയാണെങ്കിൽ നിന്നോടൊപ്പം അവരെയും ഞാൻ നരകത്തിൽ നിറക്കും (17:63). ■